Kerala Catholic Bishops' Council (KCBC)

Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in


7.12.2016

All Kerala Press Release
565/KCBC/K-6/KPR/DS

# കെസിബിസി സമ്മേളനം സമാപിച്ചു: ആർച്ചുബിഷപ് സൂസപാക്യം പ്രസിഡന്റ്

കൊച്ചി: ഡിസംബർ 5,6 തീയതികളിൽ പിഒസിയിൽ നടന്ന കേരള കത്തോലിക്കാ മെത്രാൻ സമിതി (കെസിബിസി) യുടെ ശൈത്യകാലസമ്മേളനം സമാപിച്ചു. സഭയും സമൂഹവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമ്മേളനം ചർച്ചചെയ്തു.

അജപാലന കാരുണ്യം സഭയുടെ മുഖമുദ്രയാകണമെന്നും കുടുംബങ്ങളെയും വിവാഹജീവിതത്തെയും ശക്തിപ്പെടുത്തുന്നതിൽ സഭയുടെ പ്രേഷിതർ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കണമെന്നും സമ്മേളനം ആഹ്വാനം ചെയ്തു. ഓരോ കുടുംബത്തിന്റെയും സാഹചര്യം തിരിച്ചറിഞ്ഞ് കാരുണ്യത്തോടും സഹാനുഭൂതിയോടുംകൂടി അവരെ അനുധാവനംചെയ്യാൻ സഭാശുശ്രൂഷകർക്കു കഴിയണമെന്നും, കുടുംബങ്ങളുടെ ശുശ്രൂഷകളിൽ പരിശീലനം ലഭിച്ച അല്മായരുടെ സേവനം പ്രയോജനപ്പെടുത്തണമെന്നും യോഗം നിർദേശിച്ചു.

നോട്ടുപിൻവലിക്കൽ നടപടിയുടെ പശ്ചാത്തലത്തിൽ സാധാരണക്കാർ അനുഭവിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സർക്കാർ അടിയന്തിര ആശ്വാസപദ്ധതികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കണം. നോട്ടു പിൻവലിക്കൽ ലക്ഷ്യംവയ്ക്കുന്ന സദ്ഫലങ്ങൾ ഉറപ്പുവരുത്തുന്നതിന് സർക്കാർ സംവിധാനങ്ങൾ കാര്യക്ഷമമായും അഴിമതിരഹിതമായും പ്രവർത്തിക്കുന്നുവെന്നുറപ്പാക്കണമെന്നും ലക്ഷ്യത്തിലേക്കെത്താൻ സഹായിക്കുന്ന തുടർനടപടികൾ ദീർഘകാലാടിസ്ഥാനത്തിൽ കാര്യക്ഷമതയോടെ നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്തണമെന്നും യോഗം ആവശ്യപ്പെട്ടു.

രാജ്യത്തെ ബാങ്കിങ്ങ് സംവിധാനം സാധാരണക്കാർക്കെതിരായ ഒരു ചൂഷണോപാധിയായി മാറാതിരിക്കൻ ജാഗ്രത പുലർത്തണം. ഗ്രാമപ്രദേശങ്ങളിൽ നിന്നും പിന്നോക്ക വിഭാഗങ്ങളിൽ നിന്നും സമാഹരിക്കുന്ന പണം നഗരകേന്ദ്രീകൃതമായ വമ്പൻ വ്യവസായങ്ങളിലും പദ്ധതികളിലും മാത്രം മുതൽ മുടക്കുന്നത്, ഗ്രാമങ്ങളും നഗരവും തമ്മിലുള്ള വിടവ് വർധിപ്പിക്കും. ഇത് നഗരങ്ങൾക്കുവേണ്ടി ഗ്രാമങ്ങൾ ചൂഷണം ചെയ്യപ്പെടുന്ന സാഹചര്യമുണ്ടാക്കും. കൃഷിക്കാരുടെയും ചെറുകിടകച്ചവടക്കാരുടെയും തീരദേശജനതയുടെയും ക്ഷേമവും വികസനവും ഉറപ്പുവരുത്തുന്ന നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഗ്രാമങ്ങളുടെ വികസനത്തിൽ സുപ്രധാന പങ്കുവഹിക്കുന്ന സഹകരണമേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനും സത്വര നടപടികളുണ്ടാകണം.

സ്ത്രീകളോടും കുട്ടികളോടും സമൂഹത്തിൽ വർധിച്ചുവരുന്ന അതിക്രമങ്ങളിൽ യോഗം ഉത്ക്കണ്ഠ രേഖപ്പെടുത്തി. സ്ത്രീ-പുരുഷ വ്യക്തിത്വങ്ങളുടെ തുല്യമഹത്വവും പാരസ്പര്യവും മാനിക്കപ്പെടണം. സഭയുടെ വിശ്വാസ-ധാർമ്മിക പരിശീലനത്തിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ആരോഗ്യകരമായ സ്ത്രീ-പുരുഷബന്ധത്തിന് പ്രാധാന്യവും പരിശീലനവും നല്കണം. സ്നേഹത്തിന്റെ പക്വതയിലേക്കു വളരാനും ഭാവിജീവിതം ക്രമപ്പെടുത്താനും യുവതലമുറയെ സഹായിക്കുന്നതിൽ സഭയിലെ പ്രേഷിതർ ശ്രദ്ധ വയ്ക്കണം.

പരിസ്ഥിതി നശീകരണം ഉൾപ്പെടെ പാവപ്പെട്ടവരെ ബാധിക്കുന്ന പ്രശ്നങ്ങളിൽ സഭാവിശ്വാസികൾ ക്രിയാത്മകമായി ഇടപെടണം. ലാളിത്യത്തിന്റെ ശൈലിക്ക് എതിർസാക്ഷ്യങ്ങൾ നല്കുന്ന നിർമ്മാണപ്രവർത്തനങ്ങളും ജീവിതശൈലിയും നിയന്ത്രിക്കുന്നതിൽ സഭാനേതൃത്വത്തിലുള്ളവർ ജാഗ്രത പുലർത്തണം.

കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ അധ്യക്ഷനായുള്ള കെസിബിസി ഭരണസമിതി കാലാവധി പൂർത്തിയാക്കിയ സാഹചര്യത്തിൽ, പുതിയ കൗൺസിൽ ഭാരവാഹികളെ തെരഞ്ഞെടുത്തു. തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ മെത്രാൻ ആർച്ചുബിഷപ് ഡോ. സൂസപാക്യം പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. വൈസ്പ്രസിഡന്റായി പത്തനംതിട്ട രൂപതാധ്യക്ഷൻ യൂഹാനോൻ മാർ ക്രിസോസ്റ്റവും സെക്രട്ടറി ജനറലായി കോട്ടയം അതിരൂപത ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ടും തെരഞ്ഞെടുക്കപ്പെട്ടു. കൂടാതെ കെസിബിസിയുടെ വിവിധ കമ്മീഷൻ ചെയർമാൻമാരായി
ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം (റിലീജിയസ് കമ്മീഷൻ), ബിഷപ് അബ്രാഹം മാർ യൂലിയോസ് (ബൈബിൾ), ബിഷപ് സെബാസ്റ്റ്യൻ തെക്കത്തേച്ചേരിൽ (മീഡിയ), ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് (ഫാമിലി), ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് (ലെയ്റ്റി, സോഷ്യൽ ഹാർമണി & വിജിലൻസ്), ബിഷപ് ജോസഫ് കാരിക്കാശ്ശേരി (വിമൻസ്), ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് (എഡ്യുക്കേഷൻ), ബിഷപ് ജോസഫ് മാർ തോമസ് (യൂത്ത്), ബിഷപ് അലക്സ് വടക്കുംതല (ലേബർ), ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് (ജെപിഡി), ബിഷപ് ജേക്കബ് മുരിക്കൻ (എസ്സി/എസ്റ്റി/ബിസി), ബിഷപ് റെമിജിയോസ് ഇഞ്ചനാനിയിൽ (ടെമ്പറൻസ്), ബിഷപ് വർഗീസ് ചക്കാലക്കൽ (തിയോളജി), ആർച്ചുബിഷപ് ജോർജ് ഞറളക്കാട്ട് (ഹെൽത്ത്), ബിഷപ് വിൻസന്റ് സാമുവൽ (വൊക്കേഷൻ), ബിഷപ് സാമുവൽ മാർ ഐറേനിയോസ് (കരിസ്മാറ്റിക്), ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ (എക്യുമെനിസം & ഡയലോഗ്) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

യമനിൽ തട്ടിക്കൊണ്ടുപോകപ്പെട്ട ഫാ. ടോം ഉഴുന്നാലിലിന്റെ മോചനം അനിശ്ചിതമായി നീളുന്നതിൽ യോഗം ദുഃഖവും ആശങ്കയും രേഖപ്പെടുത്തി. അദ്ദേഹത്തിന്റെ മോചനത്തിനുവേണ്ടിയുള്ള പരിശ്രമം സഭ തുടരുകയാണെന്നും ഇക്കാര്യത്തിൽ സർക്കാരിന്റെ ഭാഗത്തുനിന്ന് കുറെക്കൂടി കാര്യക്ഷമമായ ഇടപെടൽ ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സ്ഥാനമൊഴിയുന്ന പ്രസിഡന്റ് കാർഡിനൽ ക്ലീമിസ് പറഞ്ഞു. കഴിഞ്ഞ മൂന്നുവർഷക്കാലം കെസിബിസിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാ സഹകരണവും നല്കിയ സഹപ്രവർത്തകരോടും സഭാമക്കളേവരോടും പൊതുസമൂഹത്തോടും അദ്ദേഹം നന്ദി പറഞ്ഞു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

ഫോട്ടോ മാറ്റർ: സ്ഥാനമൊഴിയുന്ന കെസിബിസി പ്രസിഡന്റ് കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ പുതിയതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾക്ക് ആശംസയർപ്പിച്ച് സംസാരിക്കുന്നു. ബിഷപ് യൂഹാനോൻ മാർ ക്രിസോസ്റ്റം, ആർച്ചുബിഷപ് ഡോ. സൂസപാക്യം, ആർച്ചുബിഷപ് മാർ മാത്യു മൂലക്കാട്ട് എന്നിവർ സമീപം